# 26.06.2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ എട്ടാമത് ലൈഫ് മിഷൻ എസ്.എൽ.ഇ.സിയുടെ മിനിട്ട്സ്

ലൈഫ് മിഷൻ എട്ടാമത് എസ്.എൽ.ഇ.സി 26.06.2019 രാവിലെ 10.30-ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി റൂമിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.

യോഗ തീരുമാനങ്ങൾ

1. ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ 2019 ജൂലൈ 31-നകം പൂർത്തീകരിക്കാനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പുകളിൽ ഒന്നാംഘട്ടത്തിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപാനാടിസ്ഥാനത്തിൽ വകുപ്പുകൾക്ക് ലൈഫ് മിഷൻ കൈമാറേണ്ടതാണ്.

നടപടി :പട്ടികജാതി/പട്ടികവർഗ്ഗ/
പഞ്ചായത്ത്/നഗരകാര്യ/ഗ്രാമവികസന വകുപ്പ്
സമയപരിധി: 2019 ജൂലൈ 31
മോണിറ്ററിംഗ്: സി.ഇ.ഒ ലൈഫ് മിഷൻ

2. രണ്ടാംഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി 2019 ജൂലൈ 31-നകം കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. രേഖാപരിശോധനയിൽ അർഹരായി കണ്ടെത്തിയിട്ടും എഗ്രിമെന്റ് വയ്ക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ യോഗം ബ്ലോക്ക് തലത്തിൽ വിളിച്ചുചേർത്ത് പ്രശ്ന പരിഹാര സാധ്യത കണ്ടെത്തി പരിഹരിക്കേണ്ടതാണ്. CRZ, നെൽവയൽ തണ്ണീർത്തടം, വസ്തുവിന്റെ രേഖകൾ സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാർ ജൂലൈ 15-നകം പ്രത്യേക കമ്മിറ്റികൾ വിളിച്ചുചേർക്കേണ്ടതാണ്.

നടപടി : ജില്ലാകളക്ടർമാർ
സമയപരിധി: 2019 ജൂലൈ 15

നടപടി :പഞ്ചായത്ത് വകുപ്പ്
സമയപരിധി: 2019 ജൂലൈ 31
മോണിറ്ററിംഗ്: സി.ഇ.ഒ ലൈഫ് മിഷൻ

3. ഭൂരഹിത ഭവനരഹിതർക്കായി മൂന്നാം ഘട്ടത്തിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന്റെ ഭാഗമായി ഒരു മോഡൽ അപ്പാർട്ടുമെന്റ് നിർമ്മിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഏറെ സൗകര്യ പ്രദമായ രീതിയിൽ ഇന്റീരിയർ ഡിസൈൻ, ഇലക്ട്രിക് ഡിസൈൻ, ഫർണിച്ചർ ലേഔട്ട് എന്നിവ ഓരോ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുമ്പോഴും ഫലപ്രദമായി ഉൾപ്പെടുത്തേണ്ടതാണ്.

നടപടി : സി.ഇ.ഒ ലൈഫ് മിഷൻ
സമയപരിധി: 2019 ഒക്ടോബർ 31
മോണിറ്ററിംഗ്:തദ്ദേശസ്വയംഭരണ വകുപ്പ്

4. ലൈഫ് മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിച്ചുനൽകുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന 16 ഭവന സമുച്ചയങ്ങളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകി തീരുമാനിച്ചു.

*ഗ്രാമപ്രദേശം*

| നം. | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | ഹെഡ് ഓഫ് അക്കൗണ്ട് | ഭരണാനുമതി തുക |
|---|---|---|---|---|
| 1 | കോട്ടയം | വിജയപുരം ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 5,47,24,727/- |
| 2 | ഇടുക്കി | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 6,29,91,355/- |
| 3 | വയനാട് | പൂതാടി ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 13,17,89,160/- |
| 4 | കോഴിക്കോട് | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 5,27,65,585/- |
| 5 | കണ്ണൂർ | കടമ്പൂർ ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 5,34,06,561 |
| 6 | കാസർഗോഡ് | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 5,37,96,034/- |

*നഗരപ്രദേശം*

| നം. | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | ഹെഡ് ഓഫ് അക്കൗണ്ട് | ഭരണാനുമതി തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ | 4417-60-051-95 (പ്ലാൻ) | ₹ 4,62,00,000/- |
| 2 | കൊല്ലം | പുനലൂർ മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 5,96,23,229/- |
| 3 | ആലപ്പുഴ | ആലപ്പുഴ മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 30,58,17,588/- |
| 4 | പത്തനംതിട്ട | പന്തളം മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 6,91,19,816/- |
| 5 | എറണാകുളം | ജി.സി.ഡി.എ | 4417-60-051-95 (പ്ലാൻ) | ₹ 15,84,50,000/- |
| 6 | തൃശ്ശൂർ | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 13,09,77,775/- |
| 7 | പാലക്കാട് | ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 5,25,07,163/- |
| 8 | മലപ്പുറം | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹20,00,00,000/- |

*സുനാമി ഫ്ളാറ്റുകൾ*

| നം | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | ഹെഡ് ഓഫ് അക്കൗണ്ട് | ഭരണാനുമതി തുക |
|---|---|---|---|---|
| 1 | കൊല്ലം | മയ്യനാട് ഗ്രാമപഞ്ചായത്ത് | 4515-00-102-49 (പ്ലാൻ) | ₹ 15,30,000 |
| 2 | കൊല്ലം | പരവൂർ മുനിസിപ്പാലിറ്റി | 4417-60-051-95 (പ്ലാൻ) | ₹ 1,98,30,000/- |

**നടപടി : തദ്ദേശസ്വയംഭരണ വകുപ്പ്**

**സമയപരിധി: 2019 ജൂലൈ 15**

**5.** **ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസികളെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് അംഗീകാരം നൽകുന്നതിനും പി.എം.സികൾക്ക് അജണ്ടയിൽ രേഖപ്പെടുത്തിയിരുന്ന നിരക്കിൽ (1.95%) കൺസൽട്ടൻസി ചാർജ്ജ് നൽകുന്നതിനുള്ള അനുമതിയും നൽകുന്നതിനും തീരുമാനിച്ചു.**

**നടപടി : സി.ഇ.ഒ ലൈഫ് മിഷൻ**

**സമയപരിധി: 2020 ജൂലൈ 31**

6. ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സർക്കാർ/അർദ്ധസർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപന വക അനുബന്ധം (2) ആയി ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു. ടി സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിലേക്കായി മന്ത്രിസഭയ്ക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നടപടി : സി.ഇ.ഒ ലൈഫ് മിഷൻ

സമയപരിധി: 2019 ജൂലൈ 5

7. പട്ടികവർഗ്ഗ വിഭാഗത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കളെ “ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ, മുനിസിപ്പാലിറ്റി /കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റിലേറേയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്” എന്നീ മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കി ഇളവ് അനുവദിച്ച് തീരുമാനിച്ചു.

നടപടി : തദ്ദേശസ്വയംഭരണ വകുപ്പ്

സമയപരിധി: 2019 ജൂലൈ 15

8. ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ സ്വന്തമായി ഭൂമി ആർജ്ജിക്കുന്ന പക്ഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അർഹരായ ഗുണഭോക്താക്കളെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലേക്ക് മാറ്റുന്നതിനും മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനും വേണ്ടി വിശദാംശങ്ങൾ ശേഖരിച്ച് നല്കുന്നതിന് ലൈഫ് മിഷൻ സി.ഇ.ഒ യെ ചുമതലപ്പെടുത്തി.

നടപടി : സി.ഇ.ഒ ലൈഫ് മിഷൻ

സമയപരിധി: 2019 ജൂലൈ 31

9. ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി നിർദ്ദിഷ്ട അളവിൽ കൂടുതൽ (420 ച.അടി) നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ 600 ച.അടി വരെ തറ വിസ്തീർണ്ണത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് അവസാനഗഡു

ധനസഹായം നൽകാവുന്നതാണ്. 600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് അവസാന ഗഡു നൽകേണ്ടതില്ല. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതും അനർഹരെന്നു കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പ തുക ഗുണഭോക്ക്താവുതന്നെ തിരിച്ചടക്കേണ്ടതാണ് എന്നു വ്യവസ്ഥ ചെയ്യാം.

നടപടി : തദ്ദേശസ്വയംഭരണ വകുപ്പ്

സമയപരിധി: 2019 ജൂലൈ 15

10. ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ജില്ലാതല മുൻഗണനാ പട്ടിക തയ്യാറാക്കി നൽകാൻ (വിവിധ ക്ളേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കൽ) സി.ഇ.ഒ ലൈഫ് മിഷനെ ചുമതലപ്പെടുത്തി (അനുബന്ധം – 3) മൂന്നാംഘട്ട കർമ്മപദ്ധതി (അനുബന്ധം – 4), ഭവന സമുച്ചയ മാർഗ്ഗരേഖ (Based on Kerala Apartment ownership Act, 1983). (അനുബന്ധം – 5) എന്നിവയ്ക്ക് അംഗീകാരം നൽകി.

നടപടി : സി.ഇ.ഒ ലൈഫ് മിഷൻ

സമയപരിധി: 2019 ജൂലൈ 15

11. ലൈഫ് മിഷന്റെ സ്റ്റേറ്റ് ഓഫീസിൽ ഒരു മൾട്ടി ടാസ്ക് പേഴ്സനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി.

നടപടി : സി.ഇ.ഒ ലൈഫ് മിഷൻ

സമയപരിധി: 2019 ജൂലൈ 15

യോഗം 12:30–ന് അവസാനിച്ചു.

ചീഫ് സെക്രട്ടറി

**അനുബന്ധം – 1**

***<u>പങ്കെടുത്തവർ:-</u>***

1. ശ്രീ. ടോം ജോസ് ഐ.എ.എസ്
(ചീഫ് സെക്രട്ടറി)
2. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്
(അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
3. ശ്രീ. വിശ്വനാഥ് സിൻഹ ഐ.എ.എസ്
(അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ്)
4. ശ്രീ. വേണു. വി ഐ.എ.എസ്
(പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്)
5. ശ്രീ. എം ശിവശങ്കർ ഐ.എ.എസ്
(സെക്രട്ടറി, ഐ.ടി വകുപ്പ്)
6. ശ്രീ. യു.വി ജോസ് ഐ.എ.എസ്
(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ)
7. ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്
(ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്)
8. ശ്രീ. ബി അബ്ദുൾ നാസർ ഐ.എ.എസ്
(ഹൗസിംഗ് കമ്മീഷണർ)
9. ശ്രീ. ആനന്ദ് സിങ് ഐ.എ.എസ്
(സെക്രട്ടറി, പൊതു മരാമത്ത് വകുപ്പ്)
10. ശ്രീമതി. കെ.എസ്. ഉഷ
(അഡീഷണൽ സെക്രട്ടറി–ഫിനാൻസ്)
11. ശ്രീ. ടോമി ചാക്കോ
(ജോയിന്റ് ഡയറക്ടർ, പട്ടികജാതി വകുപ്പ്)
12. ശ്രീ. ആർ പ്രസന്നൻ
( ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്)
13. ശ്രീ. രാജേഷ് കുമാർ എം
(ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വകുപ്പ്)
14. ശ്രീ. ഹൈദ്രു ഇ.കെ
(ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്) പൊതു മരാമത്ത് വകുപ്പ്)